**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6405** **10-07-2024 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം മണ്ഡലത്തിലെ മിനി ഹാർബർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം മണ്ഡലത്തിലെ മിനി ഹാർബർ നിർമ്മാണത്തിന്റെ പൂർത്തീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം മിനി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനായുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കായി 24/10/2013-ലെ സ.ഉ(സാധാ)നം. 887/2013/മതുവ പ്രകാരം 62 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ ഭാഗമായി ഫിക്സിങ് പെർമനെന്റ് പോയിന്റ്സ്, ടോപ്പോഗ്രാഫിക് സർവ്വെ, സൗണ്ടിംഗ്, Tide and float observation, bed (water and soil) sample collection എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. പ്രസ്തുത ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനായുള്ള മാതൃകാപഠനം നടത്തുന്നതിന് പൂനെ സെൻട്രൽ വാട്ടർ ആന്റ് റിസർച്ച് പവർ സ്റ്റേഷൻ (CWPRS) –ന് 10/07/2023-ൽ കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.<br><br>തൃശ്ശൂർ ജില്ലയിൽ കൈപ്പമംഗലം, വലപ്പാട് എന്നിവിടങ്ങളിൽ ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനായുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. മാതൃകാപഠനം നടത്തുന്ന സ്ഥാപനമായ CWPRS, പൂനെ, പ്രസ്തുത സൈറ്റുകൾ സന്ദർശിക്കുകയും ടി സൈറ്റുകൾ തമ്മിൽ ഏകദേശം 6 കിലോമീറ്റർ ദൂരമേയുള്ളൂ എന്നതിനാൽ രണ്ട് വ്യത്യസ്ത ഹാർബറുകൾ നിർമ്മിക്കുന്നത് മൂലമുള്ള പാരിസ്ഥിതിക, സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഗണിച്ചും രണ്ട് സ്ഥലങ്ങളിലെ ബീച്ചുകളുടെ സ്വഭാവത്തിലുള്ള സാമ്യത കണക്കിലെടുത്തുകൊണ്ടും രണ്ട് പ്രദേശങ്ങളുടെയും നടുവിൽ വരുന്ന രീതിയിൽ ഒരു ഹാർബർ നിർമ്മിക്കുന്നതിനെപ്പറ്റി അഭിപ്രായപ്പെടുകയുണ്ടായി. അതനുസരിച്ച് നാട്ടിക, കൈപ്പമംഗലം എം.എൽ.എ മാരുടെയും ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ട് സ്ഥലങ്ങൾക്കിടയിലുള്ള ചാമക്കാല ബീച്ചിൽ പുതിയ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നത് സംബന്ധിച്ച് ചീഫ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ സമർപ്പിച്ച നിർദ്ദേശം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ